പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4894 27.10.2016 ൽ മറുപടിയ്ക്ക്

## അക്ഷര സാഗരം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജെയിംസ് മാത്യു<br>,, പുരുഷൻ കടലുണ്ടി<br>,, കെ.ജെ. മാക്സി<br>ശ്രീമതി.വീണാ ജോർജ്ജ് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | തീരദേശ നിവാസികളുടെ സാക്ഷരതയ്ക്കായി 'അക്ഷര സാഗരം' പദ്ധതി ആരംഭിയ്ക്കാൻ ഉദ്ദേശിയ്ക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിയ്ക്കാൻ ഉദ്ദേശിയ്ക്കുന്നത്; | (ബി) | അക്ഷരസാഗരം പദ്ധതി മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>• ഗുണഭോക്താക്കളെ പ്രോത്സാഹിപ്പിച്ച് തുടർവിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കാനുള്ള അനുകൂല സാഹചര്യം സൃഷ്ടിക്കുക.<br>• തീരദേശ-മത്സ്യത്തൊഴിലാളി നിരക്ഷരർക്കും അർദ്ധ നിരക്ഷരർക്കും സാക്ഷരത, ബോധവൽക്കരണം പരിപാടികൾ നടപ്പിലാക്കുക.<br>• നാല്, ഏഴ്, പത്ത്, ഹയർസെക്കണ്ടറി തുല്യതാകോഴ്സുകളിൽ പഠനം നടത്താനുള്ള സൗകര്യം തീരദേശ-മത്സ്യത്തൊഴിലാളി മേഖലകളിൽ സൃഷ്ടിക്കുക. |

.....2

| | | | |
|---|---|---|---|
| | | | • തീരദേശങ്ങളിൽ ആജീവനാന്ത വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കുക.<br>• മത്സ്യത്തൊഴിലാളികൾക്ക് ജീവിത ഉന്നതി കൈവരിക്കുവാൻ സഹായിക്കുക.<br>• മത്സ്യത്തൊഴിലാളികളുടെ ആവശ്യങ്ങൾക്കനുസൃതമായ തൊഴിൽ നൈപുണ്യം നേടുവാൻ പ്രാപ്തരാക്കുക. |
| (സി) | ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 9 ജില്ലകളിലായാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളെ തെരഞ്ഞെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ